# പുൽക്കൊടികൾക്ക് പറയാനുള്ളത് !!!



**വേരുകൾ മണ്ണിലാണ് ....**

**സ്വപ്നങ്ങൾ ആകാശത്തും...**

# ഗവ. ഹൈസ്കൂൾ
# കളമശ്ശേരി



പറക്കുവാൻ ഒരുങ്ങുന്ന
പക്ഷിക്കുഞ്ഞുങ്ങൾക്ക്...



little KITEs

# Members

## താളുകളിലൂടെ...


| | |
|---|---|
| 1 | പ്രധാന അധ്യാപികയുടെ വാക്കുകളിലേക്ക്... |
| 2 | പൂവ് |
| 3 | धन्य है तू इमली दादी |
| 4 | പൂരങ്ങളുടെ നാട്ടിലേക്ക് |
| 5 | സന്ധ്യാ സമയം |
| 6 | പ്രകൃതി മാതാവ് കൊടുത്ത വാഗ്ദാനം |
| 7 | കളമശ്ശേരി @ കളഭശ്ശേരി |
| 8 | പുളിമരക്കീഴിലെ പള്ളിക്കൂടം |
| 9 | അഹിംസയും ജീവിതവും |
| 10 | അപരിചിതർ |
| 11 | പ്രകൃതിയുടെ പച്ചപ്പ് |
| 12 | ഇന്ന് കേരളപ്പിറവി ദിനം |
| 13 | ഫുട്ബോൾ താരങ്ങൾ |
| 14 | സഞ്ചാരി കണ്ട കേരളം... |
| 15 | കറുത്ത പൊന്നിന്റെ കരുത്ത് |
| 16 | സാമൂതിരിയുടെ വെറ്റിലമുറുക്ക് |
| 17 | മുഖമൂടികൾ... |
| 18 | എന്നെ പേടിപ്പിക്കുന്ന മുഖങ്ങൾ |
| 19 | ലോകത്തിൻ മുഖമൂടി |
| 20 | അമ്മ |

| | |
|---|---|
| 21 | ഊർജ്ജോത്സവം പെയിന്റിംഗ് |
| 22 | അമ്മതൻ നൊമ്പരങ്ങൾ |
| 23 | ചിത്രകലാപഠനം |
| 24 | ഉണ്ണിക്കുട്ടൻ |
| 25 | പരിസ്ഥിതി ദിനം |
| 26 | തേൻക്കനി |
| 27 | കാലം തെളിയിച്ച വഴികൾ |
| 28 | പെരിയാറിന്റെ കുളിരിൽ |
| 29 | BIODIVERSITY REGISTER |
| 30 | RIDDLE |
| 31 | വഞ്ചി |
| 32 | പഠനയാത്ര വിവരണം |
| 33 | സന്തോഷത്തിന്റെ കാത്തിരിപ്പ് |
| 34 | നിർവൃതി |
| 35 | നമ്മളൊന്ന് |
| 36 | വഴിയോരം |
| 37 | ഒരു യാത്ര |
| 38 | പൂരങ്ങളുടെ പൂരം |
| 39 | മരം |
| 40 | ഞാൻ കണ്ട പ്രളയം |
| 41 | കുട്ടു ആന രക്ഷിച്ച കാട് |
| 42 | അവധിക്കാലം തമിഴ്നാട്ടിൽ |
| 43 | പ്രകൃതി |
| 44 | प्यारा दोस्त |
| 45 | കാടിന്റെ ഭംഗി |

# പത്രാധിപസമിതി

ജോബിത ആന്റെണി

ഗായത്രി . എൻ

ലവിൻ ക്ലീറ്റസ്

ശിൽപ ബാബു

രവീണ എ . ഇ

കൃഷ്ണപ്രിയ കെ . കെ

എലിസബത്ത് സൈമൺ

ആൻമേരി

മുഹമ്മദ് മേത്തർ

ആമിന

രമ്യ സ്റ്റീഫൻ

കൂട്ടുകാരേ ........

ഒരു വിദ്യാലയത്തിന്റെ ഡിജിറ്റൽ മാസിക ഒരായിരം സ്വപ്നങ്ങളുടെ വർണ്ണങ്ങൾ ചേർന്നതാണെന്ന് പറയാം . കണ്ണീരും ചിരിയും കിനാക്കളും , ഭയപ്പാടും , നിരാശകളും , പ്രതീക്ഷകളുമെല്ലാം ഈ പുൽക്കൊടികൾ പറയുന്നു . ഇനിയുമേറെ ദൂരം സഞ്ചരിക്കുവാനുണ്ട്.

ഈ ചുവടു വയ്പ് നമ്മുടെ വിദ്യാലയത്തിന് ............

പൊൻതൂവലാകട്ടെ ..............




# പ്രധാന അധ്യാപികയുടെ വാക്കുകളിലേക്ക്

കുട്ടികളേ........

പ്രകൃതിക്ക് പ്രകാശം വേണമെങ്കിൽ സൂര്യൻ വരണം . അതു പോലെ മനുഷ്യർ പ്രകാശിക്കണമെങ്കിൽ അക്ഷരങ്ങൾ വേണം . ആ പ്രകാശധാരയാണ് ഈ ഡിജിറ്റൽ മാഗസിൻ ഒരുക്കിയിരിക്കുന്നത് . നിങ്ങളിലെ മഹത്വങ്ങൾ പൊൻതുവലുകൾ പോലെ അടുക്കിവച്ച് തയ്യാറാക്കിയിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ നിങ്ങളിലെ സർഗശേഷികൾ പ്രകാശിപ്പിക്കുവാൻ പര്യാപ്തമാണ് . കാലത്തിനൊപ്പം മാറിവരുന്ന ഐ.ടി സങ്കേതങ്ങൾക്കനുസരിച്ച് ഈ ഡിജിറ്റൽ മാഗസിൻ വളരെ മനോഹരമായി തയ്യാറാക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് . ഭാവി മുകുളങ്ങളായ നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നും ഒഴുകിവരുന്ന സർഗസൃഷ്ടികൾ കൂട്ടിവച്ച് ഒരുക്കിയിരിക്കുന്ന ഈ ഡിജിറ്റൽ മാഗസീൻ ഇന്നത്തെ മാത്രമല്ല നിങ്ങളുടെ ജീവിതത്തിലെ എക്കാലത്തെയും ഒരു മുതൽക്കൂട്ടായിരിക്കും . ഇനിയുമിനിയും നിങ്ങളുടെ കഴിവുകൾ വികസിപ്പിക്കാനുള്ള അവസരങ്ങൾ നിങ്ങൾക്ക് ലഭിക്കട്ടെ എന്നും ഈ മാഗസിൻ അതിന് ഒരു തുടക്കം മാത്രമാവാൻ സർവ്വേശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നും ആശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം............

-രാധിക





## धन्य है तू इमली दादी

अरे वाह ! इमली दादी
तू ने किया कमाल
कितनी खुशनसीब है तू
जनम लिया है तू ने आँगन में हमारे
अपना सिर ऊँचा किए
सालों से खडी है तू
चारों ओर तेरे घूमते नन्हे बच्चे
देख उनकी किलकारियाँ
मंद- मंद तू हँसती है ।
बिछाकर तेरी हरी पत्तियाँ
देती तू शीतल छाया हमको
गिराकर नीचे तेरे खट्टे फल
खुश करती है प्यारे बच्चों को

अरे वाह! इमली दादी
तू ने किया कमाल
सालों के गुज़रने पर भी
दिखती है तू अब भी
यौवन- युक्त नारी सी
क्या, यह विदया मंदिर
इतना ओज भरता है तुझ में
बीच- बीच में नशे में खुशी के
इधर- उधर तू झूमती है
तेरी टहनियाँ लंबी हो- होकर
जाती है जब कक्षा की ओर
तो लगता है तू भी साथ-
बैठकर बच्चों के, पढने जाती है
बस तुझसे हम चाहते यही
इमली दादी,
दे दो वरदान हमको

साल- साल तक


देती रहोगी तरी

ठंडी- ठंडी शीतल छाया ।

शालिनी. पै. आर

हिंदी टीचर

# പുൽക്കൊടികൾക്ക് പറയാനുള്ളത്...



# പൂരങ്ങളുടെ നാട്ടിലേക്ക്

എന്റെ അവധിക്കാലം അടുത്തു വന്നപ്പോൾ എന്റെ മനസ്സിൽ സന്തോഷത്തിന്റെ പൂക്കൾ മൊട്ടിട്ടു തുടങ്ങി. എന്റെ അവധിക്കാലത്ത് മുഴുവൻ ചേട്ടന്മാരുടേയും ചേച്ചിമാരുടേയും കല്ല്യാണങ്ങളായിരുന്നു. ഞങ്ങൾ എല്ലാ കല്ല്യാണങ്ങളും അടിച്ചുപൊളിച്ചു. നാട്ടിലെ അമ്പലങ്ങളിൽ ഉത്സവമായിരുന്നു. തൃശ്ശൂർ പൂരം, കാവശ്ശേരി പൂരം, തൃപ്പാളൂർ വേല, തേന്നൂർ വേല അങ്ങനെ പലതും... ഇതിനിടയിൽ വിഷു ആഘോഷിച്ചത് പറയാൻ മറന്നു. വിഷു എത്തിയപ്പോൾ എനിക്ക് ഒരു ഉടുപ്പ് കിട്ടി. വിഷു ദിവസം രാവിലെ ഏകദേശം 4.00 4.15 ആയപ്പോൾ അച്ഛൻ വിഷുക്കണി കാണിച്ചു. കൃഷ്ണന്റെ വിഗ്രഹം കൊന്നപ്പൂക്കൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. കൂടാതെ താലത്തിൽ കുറേ ഫലങ്ങളും വച്ചിട്ടുണ്ട്. ശേഷം അച്ഛൻ ഞങ്ങൾക്ക് കൈനീട്ടം തന്നു. പിന്നെ എല്ലാരും ചേർന്ന് പടക്കം പൊട്ടിക്കാൻ തുടങ്ങി. ആ ശബ്ദം ആ ഗ്രാമമാകെ മുഴങ്ങി. പിന്നെ വസ്ത്രമൊക്കെ ധരിച്ച് അമ്പലത്തിൽ പോയി. വിഷു ദിവസം സമയം പോയതറിഞ്ഞില്ല. സത്യത്തിൽ കൂട്ടുകാരുമായി കളിച്ചും വീട്ടുകാരോടൊപ്പം കുസൃതി പറഞ്ഞുമാണ് സമയം കളഞ്ഞത്. അങ്ങനെ വിഷു അവസാനിച്ചു. നല്ല രസകരമായ ഒരു അനുഭവമായിരുന്നു. ഈ അനുഭവം എന്റെ ഓർമയിൽ എന്നും ഉണ്ടാകും....

– ഗായത്രി. എൻ




-എലിസബത്ത് സൈമൺ

## പ്രകൃതിമാതാവ് കൊടുത്ത വാഗ്ദാനം

പോലപ്പറമ്പിന്റെ അടുത്തൊരു മുത്തശ്ശിമാവ് ഉണ്ടായിരുന്നു ആ പ്രദേശത്തിന് തണലുംപഴങ്ങളും കൊടുത്തിരുന്ന് ആ മുത്തശ്ശി മാവായിരുന്നു. ഒരു ദിവസം നല്ല മഴയുണ്ടായിരുന്നു. അവിടെ താമസിച്ചിരിന്ന കുട്ടികളുടെയും മറ്റ മൃഗങ്ങളുടെയും കൂട് നശിച്ച പോയി.

പിറ്റേന്ന് രാവിലെ മുത്തശ്ശിമാവിത് താമസിച്ചിരുന്ന കിളികളും,പൂമ്പാറുകളും, അണ്ണാറക്കണ്ണനുമൊക്കെ മാവിനെ ഉപേക്ഷിച്ച് പോയി. ഒരു കിളി മാത്രം മുത്തശ്ശിമാവിന്ന് പഴങ്ങൾ കൊത്തി തിന്നു ബാക്കിയുള്ള പഴംകൊണ്ട് അത് പറന്നു പോവുകയും ചെയ്തു . തന്നെ ആർക്കും വേണ്ടായേ ? മുത്തശ്ശിമാവ് കരച്ചിത് തുടങ്ങി . അപ്പോൾ പ്രകൃതി മാതാവ് പ്രത്യക്ഷപ്പെട്ടു . എന്നിട്ട് ചോദിച്ചു . "നീ എന്തിനാണ് കരയുന്നത്"? എന്നെ ആർക്കും വേണ്ടായേ......... മുത്തശ്ശിമാവ് കരയൻ തുടങ്ങി പ്രകൃതിമാതാവ് മാവിനോടു പറഞ്ഞു .നീ വിഷമിക്കണ്ട ഒരു കിളി വന്ന് നിന്റെ പഴം തിന്നില്ലെ . ആ വിത്ത് ചുണ്ണിക്കരപ്പറമ്പിലാണ് ഇട്ടിരികുന്നത്. ആ വിത്ത് മുളച്ച് നിനക്ക് അവിടെ ഒരു മരമായിമാറാം

ചുണ്ണിക്കരപ്പമ്പിലെ വിത്തിനുള്ളിലെ ജീവന് പ്രകൃതിമാതാവ് സൃഷ്ടിച്ച ആ പ്രകൃതി കാണണമെന്ന് ആഗ്രഹം ഉണ്ടായി. അതിനു മഴപെയ്യണം മഴയില്ലെങ്കിത് ഞാൻ വളരില്ല. അങ്ങനെ മാസങ്ങൾആവിത്തിത് നിന്ന് ഒരു കുഞ്ഞു ജീവൻ പുറത്തേയ്ക്ക് വന്നു . അതു വലുതായി മുത്തശ്ശിമാവിനെപ്പോലെ വലിയ ഒരു മാവായി തീർന്നു . ആ മുത്തശ്ശിമാവ് പ്രകൃതി മാതാവിനോട് നന്ദി പറഞ്ഞു.

രമ്യ..

# കളമശ്ശേരി @ കളഭശ്ശേരി

വിശാലമായ നെൽപാടങ്ങൾ കൊണ്ടും ഇടതൂർന്ന വൃക്ഷങ്ങൾ കൊണ്ടും നിറഞ്ഞിരുന്ന കളമശ്ശേരി ഇന്ന് കേരളത്തിന്റെ വ്യവസായിക നഗരമാണ്.നിരവധി I .T കമ്പനികൾ കൊണ്ടും ഫാക്ടറികൾ കൊണ്ടും ഈ നഗരം ധന്യമാണ്.

പേരിന് പുറകിലെ കഥകൾ

തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിലെ ഉത്സവത്തിന് ശേഷം ആനകളെ കെട്ടുന്ന സ്ഥലമായിരുന്നു ഈ പ്രദേശം.കളഭം എന്നാൽ ആന.അങ്ങനെ കളഭത്തെ കെട്ടിയിരുന്ന സ്ഥലം എന്ന അർത്ഥത്തിൽ ഈ പ്രദേശം 'കളഭശ്ശേരി' എന്നറിയപ്പെട്ടു. കളഭശ്ശേരി ലോപിച്ചാണ്

കളമശ്ശേരി ആയതെന്ന് പറയപ്പെടുന്നു.കളമശ്ശേരി ഗവൺമെന്റ് ഹൈസ്കൂൾ1961- ൽ Up വിഭാഗവും 1974-75-ൽ ഹൈസ്കൂൾ വിഭാഗവും പ്രവർത്തനം ആരംഭിച്ചു . 1977-ൽ ആദ്യ പത്താം ക്ലാസ്സ് ബാച്ച് പുറത്തിങ്ങി.ഈ കാലഘട്ടങ്ങളിലെല്ലാം ഓലഷെഡ്ഡും പരിമിതമായ സൗകര്യങ്ങളുമായിരുന്നു ഉണ്ടായിരുന്നത്.1993-ൽ ആണ് പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തത്. 1993-94 ൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകികൊണ്ട് VHSE ആരംഭിച്ചു. 2000-2001 ൽ ഹയർ സെക്കന്ററി വിഭാഗവും ആരംഭിച്ചു.ഇപ്പോൾ 700-ഓളം കുട്ടികളും 40-ൽ പരം അധ്യാപകരും ഉണ്ട്.1 മുതൽ 12 വരെ ക്ലാസ്സുകൾ പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണ് കളമശ്ശേരി സർക്കാർ സ്കൂൾ.

# <u>പുളിമരക്കീഴിലെ പള്ളിക്കൂടം</u>

***കളമശ്ശേരി സർക്കാർ പള്ളിക്കൂടത്തിന്റെ ഏറ്റവും വലിയ സൗഭാഗ്യമാണ് ഈ പള്ളിക്കൂടം. പുളിമരത്തിന്റെ പച്ചിലച്ചാർത്തുകൾക്കിടയിലൂടെ അരിച്ചിറങ്ങുന്ന പൊൻവെളിച്ചം വിദ്യാലയമുറ്റത്തിന് അതീവ സൗന്ദര്യം നൽകുന്നു. പച്ചപ്പും, തണലും, ശുദ്ധവായുവും എല്ലാം പ്രധാനം ചെയ്യുന്ന ഈ പുളിമരമുത്തശ്ശിക്ക് വയസ്സ് 105. പുളിമരത്തിന്റെ പേരിൽ ഒരു website-ഉം ആരംഭിച്ചിരിക്കുന്നു കുട്ടികൾ.***

*www.pulimaram kalamassery പുളിമരം നിത്യഹരിത വനമെന്നും അറിയപ്പെടുന്നു. വൃക്ഷ പിരാണമനുസരിച്ച് പുളിമരത്തിന്റെ ചെറിയ ഇലകൾക്ക് കാറ്റിനെ പിടിച്ചു നിർത്താനുള്ളകഴിവും ആഴമുള്ള വേരുകൾക്ക് തണ്ടപ്പേകാനും സാധിക്കും. പുളിമരത്തിന്റെ സാന്നിദ്ധ്യം ഭാഗ്യവും പുണ്യവും കൊണ്ടുവരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. പുളിമരത്തിന്റെ പൂക്കൾ ഭക്ഷണമായ് എടുക്കുന്നതിനോടൊപ്പം അതിന്റെ ഈ പൂക്കളിൽ നിന്നു തന്നെ തേനും ലഭിക്കുന്നു. അതുകൊണ്ടപതന്നെ തേൻവൃക്ഷം എന്നും പുളിമരത്തെ വിളിക്കപെന്നു. പ്രോട്ടീനുകൾ, വിറ്റാമിനുകൾ, കൊഴുപ്പുകൾ, കാത്സിയം, അയോൺ, മഗ്നീഷ്യം, ഫോസ്ഫറസ്, സോഡിയം, ക്ലോറിൻ തുടങ്ങിയ വിവിധ തരം ധാതുക്കളും പുളിമരം നമുക്ക് നൽകുന്നു. ഇലകളും വേരും വിത്തുകളും ചികിത്സാരംഗംത്ത് ഉപയോഗിക്കുന്നു. 7 മുതൽ 10 വർഷം വരെ എടുക്കും ആദ്യമായി പുളിമരം പൂക്കാൻ. ആഴമുള്ള വേരുകൾക്കും കാഠിന്യമേറിയ ശാഖകൾക്കും കാറ്റിനെ അതിജീവിക്കാനുള്ള കഴിവുണ്ട്. "പിടിക്കുന്നെങ്കിൽ പുളിങ്കൊമ്പിൽ പിടിക്കണം."-എന്ന പഴഞ്ചൊല്ല് തന്നെ പുളിമരത്തിന്റെ മാഹാത്മ്യം വ്യക്തമാക്കുന്നു.കളമശ്ശേരി സർക്കാർ പള്ളിക്കൂടത്തിന്റെ ഭാഗ്യതരുവാണ് ഈ പുളിമരം എന്നതിൽ സംശയമില്ല.*

# അഹിംസയും ജീവിതവും

നമ്മുടെ ജീവിതം ഇന്ന് വളരെയധികം മാറ്റങ്ങൾ കൈവരിക്കുന്നുണ്ട്. എല്ലാ മേഖലകളിലും എല്ലാ തരത്തിലും.പരിസ്ഥിതിയാകട്ടെ , വികസനമാകട്ടെ , രാഷ്ട്രീയ ജീവിതമാകട്ടെ

കൊലപാതകൾ നടത്തി കടന്ന് കളയുന്ന രാഷ്ട്രീയ ദുർഷങ്ങളാണ്സമൂഹത്തിൽ ധാരാളമായി ഉള്ളത്. ഒരു കരണത്തടിച്ചാൽ മറുകരണം മറുകരണം കാണിച്ച കൊടുക്കണം എന്നതും അഹിംസഎന്നതും നന്മയുടെയും ഭവ്യതയുടെയും വിരല്യകളാണ്. അതിൽപിടിച്ച് മുന്നോട്ട് നടന്നാൽ പ്രതിഷേധിച്ചാൽ ഇവരെ നാട്ടിൽ നിന്ന് തുടച്ച് മാറ്റുകയാണ് വേണ്ടത്.

ഈയിടയ്ക്ക് നടന്ന കൊറിയൻ-ജപ്പാൻ യുദ്ധം,അത് പുറം രാജ്യങ്ങൾ തമ്മിലാണെങ്കിലും ഭയാനകമായ ഒരുസംഭവമായിരുന്നു. അഹിംസയാണ് അതിനെ പ്രതികരിക്കാനുള്ളമാർഗ്ഗം ഇന്ത്യയും പാക്കിസ്ഥാനും ഇവിടെ യുദ്ധം നടത്തുന്നുണ്ട്.ഇതുപോലെയുള്ള യുദ്ധങ്ങൾക്കെതിരെയുള്ള തിരിച്ചടിയാണ്അഹിംസ. സമാധാനപരമായ ജീവിതത്തിന് അഹിംസ അനിവാര്യമാണ്. മഹാത്മാഗാന്ധിയാണ് ഇതു നമ്മുക്ക് പറഞ്ഞുതന്നത്. അദ്ദേഹത്തിന്റെ മറ്റൊരു വാചകം ഓർക്കാം. "എന്റെ ജീവിതമാണ് എന്റെ സന്ദേശം"

-ആൻ മേരി

# അപരിചിതർ

നിങ്ങളെന്തിനു മുഖം മൂടികളാവുന്നു

നിങ്ങൾക്ക് ആരെയാണ് ഭയം

ആരെയാണ് നിങ്ങൾ ഭയക്കുന്നത്

എന്തിനു ഭയം എന്തിനു ഭയക്കുന്നു

അരുത് നാം ഭയക്കരുത്

നാം ഭയന്ന മുഖം മൂടികളാകരുത്

ഭയം നമുക്ക് വേണ്ട

ധൈര്യം ഉള്ള വരാക്കുപ്രാപ്തി നേടി

നിങ്ങൾ ആരെ ഭയക്കുന്നു പേടിക്കുന്നു

ഭയഭക്തി പൂണ്ടു നടക്കുന്നു?

എന്തിനിത് നിങ്ങൾക്കെന്തിനിത്

നിങ്ങൾ അപരിചിതർക്കുള്ള

മുഖം മൂടിയോ?

മുഖം മൂടിയോ

നിങ്ങൾ എന്തിന് സങ്കടത്താൽ മുഖം മൂടികളാകുന്നു

നിങ്ങൾ ഭയക്കരുത് ധൈര്യപ്പെടുക

നിങ്ങൾ മുഖം മൂടികളാകരുത്

നിങ്ങൾ അപരിചിതർ ക്കുള്ള മുഖം മൂടിയോ

# പ്രകൃതിയുടെ പച്ചപ്പ്

എന്റെ മനസ്സിൽ ഇപ്പോഴും വരുന്നത് സ്കൂളിൽ നിന്നും കൂട്ടുകാർക്കൊപ്പം യാത്ര പോയതാണ്.വാഗമണ്ണിൽ ഒരു അടിച്ചുപൊളി അവിടേയ്ക്കായിരുന്ന യാത്ര. ടീച്ചറും, കുട്ടികളും ബസ്സിൽ ഡാൻസ് കളിച്ചു, ഒപ്പം ഞാനും. ആദ്യം ഒരു കൃഷിക്കാരന്റെ തോട്ടത്തിലേയ്ക്കാണ് പോയത്.അവിടെ പലതരം ജീവികളെ വളർത്തുന്നുണ്ട്.കുളത്തിൽ തൊട്ടുരുമ്മി വെള്ളം കാണാത്തവിധം താമരപ്പൂക്കൾ വിടർന്നു നിൽക്കുന്നു. നല്ല ഇളംറോസിൽ. അവിടെ നിന്നും ഞങ്ങൾ യാത്ര തുടർന്നു. നേരെ പോയത് മൊട്ടക്കുന്ന് എന്ന പ്രകൃതിയുടെ പച്ചപ്പിലേയ്ക്കാണ്.അവിടെ നിന്നും പോരുവാൻ തോന്നിയിരുന്നില്ല. പതിയെ മഞ്ഞ് ഇറങ്ങാൻ തുടങ്ങി. ആ തണുപ്പ് ഇപ്പോഴും എന്നെ പൊതിയുന്നു.

- കൃഷ്ണ പ്രിയ കെ . കെ

# ഇന്ന് കേരളപ്പിറവി ദിനം

ഇന്ന് കേരളത്തിന് 62- ന് വയസ്സ് തികയുകയാണ്. നവീന ശിലായുഗത്തിലാണ് കേരളത്തിൽ മനുഷ്യവാസം തുടങ്ങിയതെന്ന് കണക്കാക്കപ്പെടുന്നു. പ്രാചീന കേരളത്തിന്റെ ചരിത്രം ചികയാൻ നമുക്ക് ആശ്രയിക്കാനുള്ളത് ഐതിഹ്യങ്ങളും കെട്ടുകഥകളുമാണ്. പഴയ കാലത്തെ സാഹിത്യ കൃതികളും, നാണയങ്ങളും, പുരാവസ്തുക്കളും ശിലാശാസനങ്ങൾ ഇവയെല്ലാം അതത് കാലത്തെ കേരള ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്.

B C നാലാം നൂറ്റാണ്ടു മുതൽ സമീപകാലം വരെ ഏകദേശം അമ്പതിലധികം പ്രമുഖരായ വിദേശ സന്ദർശിച്ചിട്ടുണ്ട്. അതത് കാലഘട്ടങ്ങളിൽ അവർ കണ്ട കേരളത്തെക്കുറിച്ചുള്ള അവരുടെ സഞ്ചാരക്കുറിപ്പുകൾ കേരള ചരിത്രത്തിന്റെ ഭാഗമാണ്...!!

-ശിൽപ ബാബു

# ജി വി എച്ച് എസ് എസ് കളമശ്ശേരിയിലെ ഫുട്ബോൾ താരങ്ങൾ..



# സഞ്ചാരി കണ്ട കേരളം

# കറുത്ത പൊന്നിന്റെ കരുത്ത്

കേരളത്തിന്റെ വികസനത്തിന് കറുത്ത പൊന്ന് എന്നറിയപ്പെടുന്ന 'കുരുമുളകും' മറ്റ് സുഗന്ധ ദ്രവ്യങ്ങളും വഹിച്ച പങ്ക് അത്ഭുതാവഹമാണ്. BC 3000 ത്തിന് മുൻപ് മുതൽ തന്നെ അന്നത്തെ ലോകരാജ്യങ്ങളിൽ ഒരു വസ്തുവായി കഴിഞ്ഞിരുന്നു കുരുമുളക്.

AD ഒന്നാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച പ്ലീനി മുതൽ ഒട്ടേറെ സഞ്ചാരികൾ തങ്ങളുടെ വിവരങ്ങളിൽ കുരുമുളകിന്റെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ യൂറോപ്യന്മാർ വേനൽക്കാലത്ത് കന്നുകാലികളെ കൊന്ന് ഇറച്ചിയിൽ കുരുമുളക് പുരട്ടി ദീർഘകാലം കേടുകൂടാതെ സൂക്ഷിച്ച് ശൈത്യകാലത്ത് ഉപയോഗിച്ചിരുന്നു. ഈജിപ്ത്തിലെ രാജ്ഞികൾ BC-1500 മുതൽ തന്നെ കേരളത്തിൽ നിന്നെത്തിയ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിച്ചിരുന്നു. കുരുമുളകിന്റെ യവനപ്രിയ (യവനന്മാർക്ക്‌ പ്രിയപ്പെട്ടത്) എന്നാണ് പേരിട്ടിരിക്കുന്നത്. സംസ്കൃത ഗ്രന്ഥകാരന്മാരാണ് ഈ പേര് നൽകിയ ഗ്രീക്കുകാർ, പേർഷ്യക്കാർ, റോമക്കാർ, അറബിക്കാർ തുടങ്ങയവരെ യവനന്മാർ എന്ന് വിശേഷിപ്പിക്കുന്നു. അവർക്ക് സ്വർണ്ണവും വെള്ളിയും പോലെ പ്രിയപ്പെട്ടവനായിരുന്നു കുരുമുളകും.

13-ആം ശതകത്തിൽ കേരളം സന്ദർശിച്ച മാർക്കോ പോളോ ചൈനയുമായുള്ള കുരുമുളകു വ്യപാരത്തെപ്പറ്റി വിവരിക്കുന്നുണ്ട്. ചൈനക്കാർ ദിവസവും കുരുമുളക് കേരളത്തിൽ നിന്ന് ശേഖരിക്കുന്നുണ്ടെന്നാണ് അദ്ദേഹം രേഖപ്പെടുത്തിയത്...

-ഗായത്രി.എൻ

# സാമൂതിരിയുടെ വെറ്റില മുറുക്ക്

വാസ്കോഡ ഗാമയുടെ പ്രഥമ ദർശന വേളയിൽ വെറ്റില മുറുക്കി തിപ്പിക്കൊണ്ടിരുന്ന സാമൂതിരിയെക്കുറിച്ച് പറയുന്നത് കേൾക്കൂ....

"ഒരു സേവകൻ വായവട്ടമുള്ള സ്വർണ്ണചഷകം (കോളാമ്പി) കൈയ്യിലേറ്റി രാജാവിന്റെ അരികിൽ നിൽക്കുന്നു. ആ ചഷകത്തിലാണ് രാജാവ് തുപ്പുന്നത്. വായ കഴുകുവാൻ അരികിൽ സ്വർണ്ണക്കിണ്ടി വച്ചിട്ടുണ്ട്. അതിൽ വെള്ളവും. കട്ടിലിനരികെ സ്വർണപീഠത്തിൻ മേൽ കൊത്തുപണിയുള്ള സ്വർണ്ണത്താമ്പാളം വച്ചിട്ടുണ്ട്. അതിൽ ചില സാധനം ചുരുട്ടി ഒരു ബ്രാഹ്മണൻ അത് അദ്ദേഹത്തിന്റെ കൈയ്യിൽ കൊടുക്കുന്നു. അദ്ദേഹം അത് വാങ്ങി ചവച്ച് സ്വർണചഷകത്തിലേക്ക് തുപ്പുകയും ചെയ്യുന്നു. നാരകത്തിന്റെ ഇലയോളം വലിപ്പമുണ്ട് അവയ്ക്ക്. സാമൂതിതരി എപ്പോഴും അത് ചവച്ചുക്കൊണ്ടിരിക്കും. ഇതിന്റെ നീര് മാത്രമേ അദ്ദേഹം ആസ്വദിക്കുന്നുള്ളൂ. ആ ഇല വെറ്റിലയും, അതിൽ തേക്കുന്നത് ചുണ്ണാമ്പുമാണത്രേ. ഇതെല്ലാം ചവച്ചാൽ വായും ചുവക്കും. ശ്വാസോച്ഛ്വാസം സുഖമായിരിക്കുകയും ചെയ്യും...

ഗായത്രി . എൻ

# മുഖംമൂടികൾ...



# എന്നെ പേടിപ്പിക്കുന്ന മുഖങ്ങൾ

ഞാൻ തെറ്റ് ചെയ്താൽ.......

പേടിക്കുന്ന മുഖം കാണാം......

ഞാനൊരു കുസ്റുതി ചെയ്താൽ.......

പേടിപ്പിക്കുന്ന മുഖം കാണാം.......

അച്ഛനെയും അമ്മയേയും കണ്ടാൽ......

പേടിക്കുന്ന മുഖം കാണും ഞാൻ.......

കരഞ്ഞുകൊണ്ട് ഞാൻ ചെല്ലുമ്പോൾ......

തമാശതൻ മുഖം മൂടികളാകും........

സങ്കടങ്ങൾ ഉള്ളിലൊതുക്കി.......

സന്തോഷത്തിൽ മുഖം മൂടിയാകും ഞാൻ.......

മുഖം വാടിയാലും ചിരിപ്പിക്കുന്ന.....

മുഖം മൂടിയായി മാറും............

മുഖം മൂടികൾ..........എന്നെ

പേടിപ്പിക്കുന്ന മുഖം മൂടികൾ...........

ചിരിച്ച കാണിച്ചാലും.............

ഒരു മൂടി തന്നെ..........

മുഖം മൂടികൾ.........എന്നെ പേടിപ്പിക്കുന്ന മുഖം മൂടികൾ........

# ലോകത്തിൻ മുഖംമൂടി

കാണുന്ന തെന്നൻമുന്നിലൊരു

മുഖംമൂടി..........

കേൾക്കുന്നിതെൻ കാതിലൊരായിരം

മുഖം മുടിതൻസ്വരങ്ങൾ

എന്നിലും കാണുന്നു ഞാനൊരായിരം

മുഖം മുടികൾ

ഉള്ളിൽ നന്മയുംപുറമെ തിന്മയും

കാട്ടുന്നിതെൻ മിത്രത്തിൽ

മുഖം മുടികൾ.........

ഈലോകത്തിൻ മുഖം മൂടികൾ

മൂടിക്കിടക്കുന്നു

- ആദിഷ്

# അമ്മ

ആരും കാണാ അറതൻ

ഉള്ളാണ് ആ മനസ്സ്

അതാണ് എൻ ജീവൻ

സ്നേഹത്തിൻ മതിലുകൾ

തീർത്ത് ഉള്ളിൽ എരിയുന്ന

ഒരു പൊൻതിരി.

പ്രണനും ശ്വാസവും

മറ്റുള്ളവർക്കായി പകർന്ന്

നൽകും ആ രൂപം

അറിയാതെ തേങ്ങളും

എന്നാലും ചെല്ലും അത്

ആനന്ദകണ്ണീർ തുള്ളികളെന്ന്

ആരോടും ഇല്ല പരിദവം

എന്നാലും ഇല്ല ഉള്ളിൽ ഉണ്ട്

നൊമ്പര കുമ്പാരം

എഞ്ഞിനാണ് ഇങ്ങനെ വാഴുന്നത്

അരത്തെന്നും പുറത്തൊന്നുമായ്


എൻ 'അമ്മ'.



# ഊർജ്ജോത്സവം പെയ്ന്റിംഗ്

# 2018




MOHAMMED
MATHIER

# അമ്മതൻ നൊമ്പരങ്ങൾ ......

മാറിടം അമ്മതന്റ പൂമടിത്തട്ട്
കോർത്തെടുക്കാൻ ശ്രമിക്കമീ
പിഞ്ചോമനതൻ ഓർമ്മകൾ...

നൊമ്പരങ്ങൾ ആടിയുലയും വാളളിതൻ
മാറിടത്തിൽ ചായാനെത്തും ഇളം
കാറ്റിൽ നിസ്പനം തീരാനോവായ്
പൊഴിയവെ ഞാനറിയുകയായ്
അമ്മതൻ മാതൃത്വം...

-ജോബിത ആന്റണി

# ചിത്രകലാപഠനം





# ഉണ്ണിക്കുട്ടൻ

ഉണ്ണിക്കുട്ടനെ ആട്ടിയുറക്കാൻ

വീട്ടിൽ ഊഞ്ഞാൽ ഉണ്ടല്ലൊ........

ഉണ്ണിക്കുട്ടനു പാട്ടുപഠിക്കാൻ

വീട്ടിൽ ഗിറ്റാർ ഉണ്ടലല്ലൊ...........

ഉണ്ണിക്കുട്ടനു കഥ വായിക്കാൻ

വീട്ടിൽ പുസ്തകം ഉണ്ടല്ലൊ..........

ഉണ്ണിക്കുട്ടനു ചോറു കഴിക്കാൻ

കൊച്ചൻ പാത്രമതുണ്ടല്ലൊ.......

ഉണ്ണിക്കുട്ടനു സ്കൂളിൽ പൊകാൻ

വീട്ടിൽ സ്കൂൾ ബസ് വരുമല്ലൊ......

ഉണ്ണിക്കുട്ടന് ഉമ്മ കൊടുക്കാൻ

വീട്ടിൽ അമ്മയും ഉണ്ടല്ലൊ.

-ആമിന ബീവി.ബി

# 2018

# പരിസ്ഥിതിദിനം...



# പുൽക്കൊടികൾക്ക് പറയാനുള്ളത്...





-ലവിൻ ക്ലീറ്റസ്

# കാലം തെളിയിച്ച വഴികൾ

കാലമാകും ചക്രവാള സീമയിൽ ചേർന്നലിയാൻ കൊതിക്കുമെൻ ആഗ്രഹം .

വിധിതൻ പനിനീർപൂക്കൾ തൻ മാതുര്യം നുകരാൻ വന്നണയും വ ണ്ടിൻ നിസ്വനം
എല്ലാം തന്നെ ഒരു വാക്കാകുമ്പോൾ കാലമാകും ചക്രം
ആർക്കുമായികാത്തിരിക്കാതങ്ങ് പരിക്രമിക്കുകയാണ്.

മിഴിതൻ പനിനീർപ്പടലം പൊടിക്കും മൗനം വേദനയാകുമ്പോ കാലം നമ്മെ നയിക്കുകയായ് നാം കാണാത്ത പാതകളിലൂടെ നാം കേൾക്കാത്ത സ്വരങ്ങളിലൂടെ
.....

കാറ്റിൽ ഇളനീർ സുഗന്ധംപരക്കും ആടുന്ന ഇലത്തണ്ടുകൾ തലക്കുനിൽക്കും
ആർക്കും ഒരാൾക്കും ബോധ്യമല്ല .തന്റെ ജീവിതമെന്താണെന്ന്

താനാരാണെന്ന് തന്നെകാത്തിരിക്കും വിധികളെ കാത്തിരിക്കും വഴികളെ
തട്ടിയകറ്റാൻ കഴിയാത്ത മൗനമൊരു വേദനയാക്കുന്നു നിർസ്വാതയാക്കുന്നു .

- ജോബിത ആന്റണി.

# പെരിയാറിന്റെ കുളിരിൽ


ഞാൻ ഏറ്റവും ആദ്യമായ് പോയ യാത്രയുടെ വിവരണമാണിത്. എന്റെ പള്ളിയിൽ നിന്നാണ് പോയത്. രാവിലെ 8:30 ന് ഞങ്ങൾ പള്ളിയിൽ നിന്ന് പുറപ്പെട്ടു. ടൂറിസ്റ്റ് ബസ്സിലായിരുന്നു ഞങ്ങളുടെ യാത്ര. എന്റെ കൂട്ടുകാരെല്ലാം വന്നിരുന്നു. എനിക്ക് വളരെ സന്തോഷം തോന്നി. കളമശ്ശേരി പിന്നിട്ടപ്പോഴേക്കും പാട്ടിന്റെ ആരവം ആയിരുന്നു. കുറച്ചു നേരത്തേയ്ക്ക് സൺഡേ സ്കൂളിൽ പഠിപ്പിച്ച പാട്ടുകൾ ആയിരുന്നു. പിന്നെ ബസ്സ് ഡ്രൈവർ മലയാളം, ഹിന്ദി പാട്ടുകൾ വച്ചു. ഞങ്ങൾ ഡാൻസ് കളിച്ചു. ഡാൻസു കളിച്ച് സമയം പോയതറിഞ്ഞില്ല.

ഞങ്ങൾ കോടനാട് എത്തി. തണുത്ത കുളിർക്കാറ്റ് ഞങ്ങളെ സ്വാഗതം ചെയ്തു. കോടനാട് ആനകളെ കാണുവാൻ പോയി. ചെറുതും വലുതുമായ ഇരുപതോളം ആനകൾ അവിടെ ഉണ്ടായിരുന്നു. അവിടെയൊക്കെ ഞങ്ങൾ ചുറ്റിക്കറങ്ങി. ഞങ്ങൾക്ക് പോകുവാനുള്ള സമയമായപ്പോൾ ആനകൾക്ക് റ്റാ....റ്റ.... പറഞ്ഞ് അവിടെ നിന്നു പോയി. അടുത്തതായി പോകുന്നത് "ഭൂതത്താൻ കെട്ട്" ആണ്. പേരു കേൾക്കുമ്പോൾ തന്നെ പേടിയാകുന്നു. അപ്പോൾ അടുത്ത് ചേന്നാലോ എന്ന് ഞാൻ ആലോചിച്ചു. കുറച്ച് സമയത്തിനുശേഷം ഞങ്ങൾ അവിടെ എത്തി. ഒരു ചെറിയ കാടാണത്. നല്ല ഉയരത്തിലുള്ള മരങ്ങൾ അതിൽ വള്ളികൾ തൂങ്ങിക്കിടക്കുന്നു. ചില വള്ളികൾ ഊഞ്ഞാൽ രൂപത്തിൽ ആക്കി അതിൽ ഇരുന്ന് ചേട്ടന്മാരും ചേച്ചിമാരും ഫോട്ടോ എടുക്കുന്നത് കണ്ടു. ഞങ്ങളും അതിൽ ഇരുന്ന് ഫോട്ടോ എടുത്തു. പിന്നെ കുറേ കുരങ്ങന്മാരെ കണ്ടു. കുറച്ചു നടന്നപ്പോൾ ഒരു ഗുഹ കണ്ടു. അതിനെക്കുറിച്ച് പറഞ്ഞതെല്ലാം ഞാൻ മറന്നു പോയി. അങ്ങനെ ഉച്ചയായി ബസ്സിൽ കയറുക എന്ന അർത്ഥത്തിൽ സാർ വിസിലടിച്ചു. ഒരു മണിയായപ്പോൾ ഞങ്ങൾ പെരിയാറിന്റെ തീരത്തെത്തി. അതിന്റെ അടുത്തായി ഇരിപ്പിടങ്ങൾ ഉണ്ടായിരുന്നു. അവിടെ ഇരുന്ന് ഞങ്ങൾ ഭക്ഷണം

കഴിച്ചു. കുറേപേർ മധുര പലഹാരങ്ങൾ കൊണ്ടുവന്നിരുന്നു. പുഴയുടെ വെള്ളത്തിലേയ്ക്കിട്ടു. അത് കഴിക്കുവാനായി മീനുകൾ വന്നു. അങ്ങനെ ഞങ്ങൾ അവിടെ ഇരുന്നു. പിന്നെ അടുത്തതായി ഒരു പള്ളിയിൽ പോയി. അവിടെ കുറേനേരം ചിലവഴിച്ചു. ഇനി പെരിയാറിലേക്ക് പോകാം എന്ന് സാർ പറഞ്ഞു. ഇത് കേൾക്കണ്ട താമസം എല്ലാവരും അങ്ങോട്ട് ഓടി. ഒടരുതെന്ന് സാർ പറഞ്ഞു കുട്ടികൾ അതു വകവയ്ക്കാതെ പോയി. പിന്നെ ഒരൊറ്റ ചാട്ടം വെള്ളത്തിലേക്ക് പ്രായവ്യത്യാസമില്ലാതെ കുട്ടികളെല്ലാവരും എടുത്ത് ചാടി. പിന്നെ വെള്ളത്തിലായിരുന്നു കുട്ടികളെല്ലാം കളിച്ച് സമയം പോയതറിഞ്ഞില്ല. സാർ വിസിലടിച്ചപ്പോൾ ഞങ്ങൾക്കെല്ലാം സങ്കടമായി. ഇപ്രാവിശ്യം ഞങ്ങൾ വെള്ളത്തിൽ നിന്ന് കേറിയില്ല. കുറച്ചു നേരം കൂടി ചിലവഴിച്ചു. സാർ വഴക്കു പറഞ്ഞു കയറ്റി. ഞങ്ങൾ എല്ലാവരും ബസ്സിൽ കയറി. പിന്നെ പാട്ടും മേളവും. രാത്രി ആയതിനാൽ ബസ്സിലെ ലൈറ്റ് ഓഫ് ചെയ്ത് ഡിസ്കോ ലൈറ്റ് ഇട്ടു. പിന്നെ അടിപൊളി പാട്ടും അങ്ങനെ ഞങ്ങൾ പള്ളിയിലെത്തി. ആ ടൂർ അവസാനിച്ചു. ഇങ്ങനെയുള്ള ഒരു ദിവസം ഇനി കിട്ടില്ല എന്നു തന്നെ വിചാരിച്ചു. കാരണം അത്രയ്ക്കു മനോഹരമായിരുന്നു ആ യാത്ര.

-ആൻ മേരി.

# BIODIVERSITY REGISTER...



# Riddles

**1.A MONKEY a squirrel and a bird are racing to the top of a coconut tree. Who will get the banana first , the monkey, the squirrel or the bird ?**

**Ans; no one, there is no bananas in a coconut ' tree '**

**2.It weighs next to nothing but no one can hold it for long. What is it ?**

**Ans; your breath.**

**3.what comes up and never come down ?**

**Ans;-your breath.**

**4.I might be called a warrior and has orange for and has been leader ?**

**Ans;fire star**

**5.if a chicken say all chickens are liars is the chicken telling the truth ?**

**Ans;no... because chicken don't talk ?**

**- Alan Antony**

**4 A**



# പഠനയാത്ര വിവരണം

വ്യാഴാഴ്ച രാത്രി (26.10.2017) 7.30 ന് ഞാനും,എന്റെ കൂട്ടുകാരും 6 ടീച്ചർമാരും,P.T.A. പ്രസിഡന്റും,അംഗവുമായ എന്റെ അമ്മയും വീഡിയോ കോച്ച് ബസ്സിൽ യാത്രയായി.പ്രർത്ഥനയോടെ ഞങ്ങൾ യാത്ര തുടർന്നു.ഡാൻസും,പാട്ടും പൊടിപൂരവുമായി ഞങ്ങളുടെ കൂടെ ടീച്ചർമാരും കൂടി.എട്ടുമണിയോടെ ഞങ്ങൾ പത്മ തീയറ്ററിൽ എത്തി.ഉദാഹരണം സുജാത എന്ന സിനിമ കണ്ട്.വീണ്ടും യാത്ര തുടർന്നു.പോപ്കോൺ,ബൺ തുടങ്ങിയവ അധ്യാപകർ വാങ്ങിച്ചു തന്നു.വീണ്ടും ഡാൻസു തുടങ്ങി.ക്ഷീണിതരായ ഞങ്ങൾ ബസ്സിൽ തന്റെ ഉറങ്ങി.വെള്ളിയാഴ്ച വെളുപ്പിന ഞങ്ങൾ കഴക്കൂട്ടം മരിയാ റാണി സെന്ററിൽ ഞങ്ങൾക്ക് ഫ്രഷ് ആകാനുള്ള സൗകര്യം ഉണ്ടായിരുന്നു.8.45 ഓടുകൂടി ഞങ്ങൾ മൃഗശാലയിൽ എത്തി ചേർന്നു.അവിടെ 10.00 മണിയേക്കെ പ്രവേശനം ഉള്ളൂ എന്നറിഞ്ഞ ഞങ്ങൾ,പ്രഭാത ഭക്ഷണത്തിനു ശേഷം,പത്മനാഭസ്വാമിക്ഷേത്രത്തിൽ പോയി.കോടിമുണ്ട് ചുറ്റിയാണ് അമ്പലത്തിൽ കയറിയത്.കുറച്ചു പേർ പുറത്തുതന്നെ നിന്നു.സുരക്ഷാനടരടിയ്ക്കു ശേഷം,ക്ഷേത്രത്തിൽ പ്രവേശിച്ചു.നന്നായി തൊഴാൻ പറ്റി.പിന്നീടുള്ള യാത്ര പാളയം എന്ന സ്ഥലത്തു കൂടി ആയിരുന്നു.പള്ളികളും,യൂണിവേഴ്സിറ്റി കോളേജും,ചന്ദ്രശേഖര സ്റ്റേഡിയവും കണ്ടു.പിന്നീട് നിയമസഭ കാണുവാൻ പോയി.മാനേജർ ഞങ്ങൾക്ക് എല്ലാം വിവരിച്ചു തന്നു.ഏറ്റവും മുകളിൽ ഇരിക്കുന്ന കസേര സ്പീക്കറുടേതാണ്.അതുപോലെ ധാരാളം കസേരകൾ ഉണ്ട്.മാനേജർക്ക് നന്ദി പറഞ്ഞ് അവിടെനിന്നിറങ്ങി നിയമസഭയുടെ തൊട്ടടുത്തുള്ള മ്യൂസിയത്തിൽ കയറി.അവിടെ പഴയ മുഖ്യമന്ത്രിമാരുടെ ഫോട്ടോകൾ ഉണ്ടായിരുന്നു.അവർ ധരിച്ച ഉടുപ്പ്,കണ്ണട,പെട്ടി,മൊബൈൽ ഫോൺ, പേന, പുസ്തകങ്ങൾ, കുടുംബ ഫോട്ടൊ എല്ലാം കണ്ടു.പിന്നെ ഞങ്ങൾ രണ്ടാമത്തെ മ്യൂസിയത്തിൽ കയറി.ഓരോ വ്യക്തികൾക്കു കിട്ടിയ പുരസ്കാരങ്ങൾ എന്നിവ അവിടെ കണ്ടു.ഗാന്ധിജിയെക്കുറിച്ചും,വിനിധ സറ്റാമ്പുകളെക്കുറിച്ചും അവിടെ നിന്ന് പഠിക്കാൻ സാധിച്ചു.പിന്നീട് മൃഗശാലയിലേക്കു പോയി.പ്ലാനറ്റോറിയത്തിൽ സമീപമുള്ള ഹാളിൽ ഉച്ച ഭക്ഷണത്തിനു കയറി.ചിക്കൻ ബിരിയാണി ആയിരുന്നു.അതിനു ശേഷം പ്ലാനറ്റോറിയത്തിൽ കയറി.ബഹിരാകാശത്തിൽ പോയതു പോലെ തോന്നി .ഞങ്ങൾ ഗ്രഹങ്ഹളെക്കുറിച്ച് പഠിച്ചു.ഞങ്ങൾ കോവളം ബീച്ചിൽ പോകുവാനായി ബസ്സിൽ കയറി.5.30

ആയപ്പോൾ ബീച്ചിലെത്തി. പിന്നെ പറയേണ്ടതില്ലല്ലോ. കടലിൽ ഇറങ്ങി അടിച്ചു പൊളിച്ചു. പിന്നീട് ഒരു ചെറിയ ഷോപ്പിംങ് നടത്തി.

രാത്രി ഭക്ഷണവും കഴിച്ച് തിരുവനന്തപുരത്തു നിന്നും വണ്ടി കയറി. ബസ്സിൽ വച്ച് ' ഗോദ' സിനിമ കണ്ടു. പിന്നെ എല്ലാവരും ഉറക്കമായി.2.00 മണിയോടുകൂടി സ്കൂളിൽ എത്തി. ഞങ്ങൾ ലൈബ്രറി റൂമിൽ കിടന്നുറങ്ങി.6.00 മണിയായപ്പോൾ എല്ലാവരെയും മാതാപിതാക്കൾ വന്ന് കൊണ്ടുപോയി.



# സന്തോഷത്തിന്റെ കാത്തിരിപ്പ്

ഒരു ദിവസം എന്റെ മനസ്സിൽ പെട്ടെന്നൊരാഗ്രഹം പൊട്ടിമുളച്ചു .തിരുവനന്തപുരത്തേക്ക് ഒരു യാത്ര പോവുക .അവിടത്തെ പ്രസിദ്ധമായ കോവളം ബീച്ചിൽ പോവുക .പത്മനാഭസ്വാമി ക്ഷേത്രം സന്ദർശിക്കുക .ആ ദിവസം തിങ്കളാഴ്ച്ച, ഹർത്താലായിരുന്നു .ചൊവ്വാഴ്ച്ച ഞാൻ സ്കൂളിൽ പോയില്‍. ബുധനാഴ്ച രാവിലെ തന്നെ വീട്ടിലെത്തി.

വൈകിട്ട് കൂട്ടുകാരി വിളിച്ചു. അവൾ പറഞ്ഞു. "ഹലോ... ആ... നീയെന്താ ഇന്നലെ വരാതിരുന്നത്? ഇന്നലെ ടീച്ചർ ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞു ." ഞാൻ പറഞ്ഞു : "ഞാൻ നാട്ടിലായിരുന്നു .ഒരു പരിപാടി ഉണ്ടായിരുന്നു ." അവൾ പറഞ്ഞു : "അതേ....ടീച്ചർ ഇന്നലെ ടൂർ പോകുന്നതിനെക്കുറിച്ച് പറഞ്ഞു .തിരുവനന്തപുരത്തേക്ക്." ഞാൻ ഞെട്ടലോടെ ചോദിച്ചു :"ആണോ? കള്ളം പറയല്ലെ ! തിരുവനന്തപുരത്തെവിടാ !" അപ്പോഴേക്കും ഫോണിലെ പൈസ തീർന്നു.ശേഷം കിച്ചപ്പിയ എന്ന് ചെല്ലപ്പേരുള്ള മറ്റൊരു കൂട്ടുകാരി വിളിച്ചു.

അവൾ പറഞ്ഞു : എടീ, ടീച്ചർ പറഞ്ഞു നമ്മൾ ഒരു ടൂർ പോകുന്നുണ്ടെന്ന്. 27 തിയതി രാവിലെ 5.00 മണിക്ക്.അപ്പൊ 4.45 ന് എത്തണം .തിരുവനന്തപുരത്തെ കോവളം ബീച്ച്, പ്ളാനറ്റോറിയം, മ്യൂസിയം, മൃഗശാല പിന്നെ ഒരു സെക്കന്റ് ഷോ. ഞാൻ സന്തോഷത്തിൽ മതി മറന്ന് ചോദിച്ചു "ഫീസ് എത്രയാ?" ഫീസ് കേട്ടപ്പോൾ ഉറപ്പായി പോകില്ലെന്ന്. 1200 രൂപ... അപ്പോൾ തന്നെ ഞാൻ വരില്ലെന്ന് പറഞ്ഞു. "എടീ, ഇതു വൺഡേ ടൂർ അല്ല. ടൂഡേ ടൂർ ആണ്." അവൾ പറഞ്ഞു. "ഞാൻ വരുന്നില്ല."

അമ്മയോടും അച്ഛനോടും ചോദിച്ചു. സമ്മതിച്ചില്ല. പൈസ തന്നെ പ്രശ്നം. ഞാൻ വിശമത്തോടെ കിടന്നുറങ്ങി. എനിക്ക് കരച്ചിലടക്കാൻ കഴിഞ്ഞില്ല. സ്വപ്നം തകർന്നു. ടീച്ചർ വിളിച്ചു. അമ്മയോടു പറഞ്ഞു: "മോൾക്ക് കഴിഞ്ഞ വർഷത്തെ പരീക്ഷയിൽ നല്ല ഗ്രേഡുണ്ട്. അതിന് 1000 രൂപ കിട്ടും." അമ്മയോട് വരാൻ പറയാനാണ് വിളിച്ചത്. "ആ ശെരി "-ഞാൻപറഞ്ഞു.

"അമ്മേ ഇനി ഒരു 200 രൂപ കൂടി പോരെ ?"

"അച്ഛനോട് ചോദിക്ക്"-അമ്മ പറഞ്ഞു.

അച്ഛൻ വന്നു. ആദ്യം സമ്മതിച്ചില്ല. പിന്നെ സമ്മതിച്ചു. ആ ആഴ്ചയിലെ വെള്ളിയാഴ്ചയാണ് ടൂർ. അടുത്ത ദിവസം സന്തോഷത്തോടെ ഞാൻ വരിന്നുണ്ടെന്ന വാർത്ത എന്റെ ചങ്ങായിമാരോട് പറഞ്ഞു. അവർക്കും സന്തോഷമായി.

ടീച്ചർ പറഞ്ഞു: "ടൂറിൽ ചെറിയ മാറ്റമുണ്ട്."

ഞാൻ നെഞ്ചിടിപ്പോടെ അത് കേട്ടു.

"ടൂർ പോകുന്നത് വ്യാഴാഴ്ച്ചയാണ്, രാത്രി 7.30 ന്. ആദ്യം സെക്കന്റ് ഷോ, പിന്നീട് യാത്ര."

വീട്ടിൽ ചെന്ന് പറഞ്ഞു. അമ്മക്ക് സമ്മതം അച്ഛനും.

ഇന്നാണ് ആ സമ്മതിച്ച ദിവസം. ചൊവ്വാഴ്ച്ച. ഇനി ബുധൻ ഒരു ദിവസം കൂടി ബാക്കി, എന്റെ കാത്തിരിപ്പ് അവസാനിക്കാൻ. ഞാൻ സന്തോഷത്തോടെ കാത്തിരിക്കുകയാണ്, ആ നിലാവുള്ള രാത്രികൾ കാണാൻ. ഇപ്പോൾ എനിക്ക് തോന്നുന്നത് ആ കടൽ എന്നെ മാടിവിളിക്കുന്നതായാണ്.


ഞാൻ കാത്തിരിക്കുകയാണ് ആ സന്തോഷനിമിഷങ്ങളിലേക്ക് ചായാൻ...!

- ഗായത്രി.എൻ

# നമ്മളൊന്ന്

നമുക്ക മുകളിൽ നീലപ്പൂങ്കട
വിടർന്നു നിൽക്കുന്നു.
താഴെക്കാണും പൂഴിവിരിപ്പിൽ
നമ്മളുറങ്ങുന്നു.
നമ്മളെ നിത്യം വിളിച്ചുണർത്താൻ
പ്രഭതമെത്തുന്നു.
ഒരേ പിതാവിൻ മക്കൾ നമ്മൾ
ഒരേ കുടുംബക്കാർ

പിന്നെന്തിനു നാം കലഹിക്കുന്നു.




**- മുഹമ്മദ് മേത്തർ**

# ഒരു യാത്ര

വളരെ മനോഹരമായിരുന്നു ഞാനും എന്റെ കുടുംബവും പോയ കൊടൈക്കാൽ യാത്ര വണ്ടിയിൻ പാട്ടും ഡാൻസും ഒക്കെ ആയിരുന്നു വണ്ടിയിൽ വച്ച് പുലിമുരുക്കൻ സിനിമ കണ്ടു. നല്ല തണുത്ത കാറ്റ് അടിച്ചതുകൊണ്ട് ഞാൻ

കണ്ണു തുറന്നു നോക്കി. മഞ്ഞ് മൂടിയ കെടൈക്കനാൽ കണ്ടതോടെ എന്റെ ചേച്ചിയ്ക്ക് ജലദോഷവും പനിയും പിടിച്ചു

ഒരു പാട് സ്ഥലങ്ങൾ കാണുവാൻ പോയി.

കുരങ്ങന്മാരെ ഒത്തിരി തവണ കണ്ടു ഉച്ചയായപ്പോൾ രൂക്ഷമായ തണുപ്പിനു കുറച്ചു ശമനം വന്നു.

റൂമിൽ തിരിച്ചെത്തി 5-ാം ദിവസം രാവിലെ കെടൈക്കനലിലും മനോഹരമെന്ന് എനിക്ക് തോന്നുന്ന എന്റെ വീട്ടിൽ ഞാൻ തിരിച്ചെത്തി.

# പൂരങ്ങളുടെ പൂരം

എന്റെ നാട് തൃശ്ശൂരാണ്. പാടവും മരങ്ങളും നാഗക്കാവുകളും ഉൾക്കൊള്ളുന്ന ഒരു ഗ്രാമ- പ്രദേശത്താണ് എന്റെ വീട്. ഞാനിപ്പോൾ യാത്ര- ചെയ്തുകൊണ്ടിരിക്കുന്നത് കേരളത്തിലെ പ്രശസ്തമായ ഒരു ക്ഷേത്രത്തിലേയ്ക്കാണ് വടക്കുംനാഥക്ഷേത്രം. ഇവിടുത്തെ പ്രധാന ഉത്സവമാണ് തൃശ്ശൂർ പൂരം.
ഘടകവർണ്ണങ്ങൾ കൊണ്ടലങ്കരിച്ച മനോഹരമായ
കാവടികൾ ചുമക്കുന്ന ജനങ്ങൾ ആഭരണങ്ങളു നെറ്റിപ്പട്ടവും അണിഞ്ഞ് നിൽക്കുന്ന ഗജവീരന്മാർ. ജനങ്ങളെ താളത്തിൽ ലയിപ്പിക്കാൻ പഞ്ചവാദ്യങ്ങൾ, നിലത്ത് കുന്നു പോലെ കൂട്ടിയിട്ടിരിക്കുന്ന കുങ്കുമങ്ങൾ, കുപ്പിവളകൾ.

ആകാശം കറുപ്പ് നിറം പൂശിത്തുടങ്ങി. രാത്രിയുടെ പടികൾ ഓരോന്നായി കയറുകയാണ് ചന്ദ്രൻ. നിലാവുള്ള രാത്രിയിൽ ആകാശത്ത് പെട്ടെന്നൊരു പൂവിരിഞ്ഞു. എന്താണെന്നറിയാമോ? “വർണ്ണമഴ"! ആശ്ചര്യത്തോടെ എല്ലാവരും നോക്കിനിന്നു. ഘടകവർണ്ണങ്ങൾ ആകാശത്ത് വിതറിത്തെറിച്ചു. മരത്തിൽ മറവിലൂടെ ഒളിഞ്ഞുനോക്കുന്ന വർണ്ണമഴ. ഒരുപാട് സമയം ഇത് നീണ്ടുനിന്നു. മുകളിൽ നിന്നു നോക്കിയാൽ കാണാം, ആ കൂരാകൂരിരുട്ടിൽ എല്ലാ മൊബൈൽ ഫോണിന്റെയും ഫ്ലാഷ് ലൈറ്റുകൾ...കൂട്ടത്തോടെ നിൽക്കുന്ന നക്ഷത്രങ്ങളെ പോലെ. സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും പെരുമഴയിൽ ആ വർണ്ണമഴ അവസാനിക്കാൻ സമയമായി. ജനങ്ങൾ ഓരോന്നായി കുറഞ്ഞുതുടങ്ങി. സന്തോഷത്തിൽ കുളിച്ച് പുഞ്ചിരിയോടെ നന്മയോടെ നോക്കുന്ന ആ പൊന്നു ഭഗവാനെ

കാണുവാൻ ആളുകൾ ഉത്സാഹം കാണിച്ചു. എന്റെ പ്രാർത്ഥനകൾ ഞാൻ ദൈവത്തിനു കാണിക്കയായി നൽകി. ദൈവം അതിനു എനിക്ക് പ്രസാദവും നൽകി. വീട്ടിലേക്ക് പോകുവാൻ സമയമായി. ആ പടികൾ ഞാൻ ഇറങ്ങി ഓർമ്മകളുടേയും സാന്ത്വനത്തിന്റെയും മുദ്രകൾ പോലെ........

-ശിൽപ ബാബു









# മരം

ജീവിതത്തിൽ ഒരുപാട് സ്വപ്നങ്ങൾ ഉണ്ടാവില്ലെ ?
അത് മനുഷ്യർക്ക് മാത്രമല്ല എല്ലാ ജീവജാലങ്ങൾക്കും ഉള്ളതാണ് . എന്തിന് ഈ പ്രകൃതിക്കുമുണ്ട് നൂറ് സ്വപ്നങ്ങൾ.നമ്മുടെ സ്വപ്നം നിറവേറ്റാൻ നമ്മുടെ മാതാപിതാക്കൾ ഉണ്ട്. എന്നാൽ പ്രകൃതിയുടെ സ്വപ്നം നിറവേറ്റേണ്ടത് ആര്? എന്ന ആ വലിയ ചോദ്യത്തിനു മുന്നിത് ഉത്തരം പറയേണ്ടത് ഈ കോടാനുകോടി മനുഷ്യരാണ്.

ഒരു ഗ്രാമപ്രദേശം നെത്പാടങ്ങളും മരങ്ങളും തെങ്ങുകളും നിറഞ്ഞ സുന്ദരമായ ഒരു ഗ്രാമം അവിടെയുള്ളവർ കഷ്ടപ്പെട്ടും അദ്ധ്വാനിച്ചുമാണ് കുടുംബം പുലർത്തുന്നത്. ഒരിക്കത് രണ്ടു കുട്ടകൾ മനുവും വിനുവും മനു ഒരു ചെറിയ കുറുമ്പൻ ആണ്. വിനു ഉറക്കെ വാർത്ത മനുവിന് വായിച്ച കൊടുത്തു.വിനു പറഞ്ഞു ''എടാ ........ഗ്വാസിന് വില കൂടിയെന്ന്'' അപ്പോൾ മനു പറഞ്ഞു ''ഇനി ഗ്വാസ് വീട്ടിത് വരുമ്പോൾ വീട്ടുകാരുടെ ഗ്വാസ് പോകും''.അടുത്ത വാർത്ത വീണ്ടും മനുവിന് വിനു വായിച്ച കേൾപ്പിച്ച. ''മുഖ്യമന്ത്രി പറഞ്ഞെന്ന് കുട്ടിത് തുമ്പിക്കൊപ്പം കളിക്കട്ടെയെന്ന് മനു പറഞ്ഞു ''.അയ്യോ അവനോടൊപ്പം കളിക്കല്ലെ കള്ളക്കളി കളിക്കുട്ടാ.........

അപ്പോൾ വിനു ആകാംഷയോടെ ചോദിച്ച നീയാരുടെ കാര്വമാ പറയുണത് ? വനു പറഞ്ഞു നമ്മുടെ തുമ്പിഷാജീടെ കാര്വമാ പറഞ്ഞത്. ''എടാ മണ്ടാ മുഖ്യമാന്ത്രി പറഞ്ഞത് തുമ്പികൾ എന്നാണ് തുമ്പികൾ '' വിനു പറഞ്ഞു.

ഒരു മരം വെട്ടുകാരൻ അതുവഴി വന്നു മരം വെട്ടാൻ കയറിയപ്പോൾ മനു ഉറക്കെ പറഞ്ഞു.

''ഇയാളെന്താണ് കാണിക്കുന്നത് . '' ഇതുകേട്ട വിറകുവെട്ടുകാരന് ദേഷ്വം വന്നു . അയാൾ രോക്ഷാകുലനായി . അവർ മരങ്ങൾ വെട്ടരുത് എന്നും പ്രകൃതിയുടെ സൗന്ദര്വത്തെക്കുറിച്ചും അവർക്കറിയാവുന്ന കാര്വങ്ങളെക്കുറിച്ചും മരം വെട്ടുക്കാരനോട് പറഞ്ഞു തന്നെക്കാൾ എത്രയോ ചെറിയവരായ ആ കുട്ടികൾ പറഞ്ഞതുകേട്ട് അയാൾ നാണിച്ച തലതാഴത്തി .

-രമ്യ സ്റ്റീഫൻ



# ഞാൻ കണ്ട പ്രളയം .....




ആലുവായും ആലുവാപ്പുഴയും എന്നും എനിക്ക് ഒരു ഹരമാണ്. ആലുവാ മണപ്പുറവും അതിലെ ഓരോ മണൽത്തരികളും എന്നോട് കിന്നാരം പറയാറുണ്ട്. 99-ലെ വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള മുത്തശ്ശിക്കഥകൾ കേട്ടാണ് ഞാൻ വളർന്നത്.

അന്ന് ഓഗസ്റ്റ് 15. സ്വാതന്ത്ര്യദിനാഘോഷത്തിനായി സ്കൂളിലേക്ക് പുറപ്പെടുവാൻ തയ്യാറാവുകയായിരുന്നു ഞാൻ. എന്നത്തേയും പോലെ ആലുവാത്തേവരെ കാണാൻ ഞാൻ ശിവക്ഷേത്രത്തിലേക്ക് പോയി. പതിവില്ലാത്ത തിരക്ക് റോഡിൽ . ക്ഷേത്രത്തിലേക്കുള്ള റോഡ് കയറുപയോഗിച്ച് പോലിസുകാർ തടസ്സം ഉണ്ടാക്കിയിരിക്കുന്നു . പുഴവെള്ളം പൊങ്ങുന്നു എന്ന വാർത്തയാണ് ഞാൻ അറിഞ്ഞത്. ജനങ്ങളെല്ലാം പരിഭ്രാന്തരായി ഓടുന്നു . വടക്കേ മണപ്പുറം ഭാഗത്തുകൂടി വീട്ടിലെത്താൻ നോക്കി, അവിടേയും തടസ്സം. നാട്ടുകാരെ ഓരോരുത്തരായി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇടവഴിയിലൂടെ വീട്ടിലെത്തി , വീടിന്റെ മുറ്റത്ത് ആൾക്കൂട്ടം. എനിക്കാകെ പരിഭ്രമമായി. 80 വയസ്സുള്ള എന്റെ മാതാവ് വെള്ളം പൊങ്ങിയെന്ന വാർത്തകേട്ട് ഇറങ്ങിയതാണ്. ബോധം നഷ്ടപ്പെട്ട അവസ്ഥ. കൈ അനക്കാൻ സാധിക്കുന്നില്ല. നാട്ടുകാരുടെ സഹായത്തോടെ ആംബുലൻസ് എത്തി. ഞാനും സഹോദരനും അമ്മയുമായി ആശുപത്രിയിലേക്ക് പോയി. ഈ സമയം റോഡിൽ ഉറവ

വരുന്നതായി പലരും പറയുന്നതുകേട്ടു . വെള്ളത്തിൽ നിന്ന് സെൽഫിയെടുക്കുവാൻ തിടുക്കം കൂട്ടുന്നവർ ധാരാളം, എങ്ങും ശിവരാത്രിയുടെ തിരക്ക് അപ്പോൾ കാണപ്പെട്ടു. " തോളിന് പൊട്ടൽ. പ്ലാസ്റ്റർ ഇടണം . നാലുദിവസ്സം ആശുപത്രിയിൽകിടത്തണം." ഡോക്ടറുടെ വാക്കുകൾ കേട്ടപ്പോൾ സങ്കടം തോന്നി. ഭർത്താവ് സ്ഥലത്തില്ല. ഈ സമയത്ത് മക്കളുടെ ഫോൺവന്നും അമ്മേ , വെള്ളം കയറുന്നു. ഞങ്ങൾ മാറിക്കോട്ടെ. വെള്ളം വീട്ടിനകത്തൊന്നും കേറില്ല . അതാണ് പതിവ് . നിങ്ങൾ രണ്ടുപേരും വാഴത്തട വെട്ടിയെടുത്ത് വെള്ളത്തിൽ നീന്തിക്കളിക്ക് .ഞങ്ങൾ ചെറുപ്പകാലത്ത് ഇങ്ങനെയാണ് കളിച്ചത്. ഞാൻ മറുപടി പറഞ്ഞു , മകൾക്ക് അത് ഇഷ്ടപ്പെട്ടില്ലായെന്ന് തോന്നി. അലമുറയിട്ടു കരയുന്ന അമ്മയെ ആശ്വസിപ്പിക്കാൻ ഡോക്ടറോടൊപ്പം ഞാനും കൂടി. സമയം പോയതറിഞ്ഞില്ല. ഫോൺ നോക്കിയപ്പോൾ ഇരുപത് മിസ്ഡ്കോളുകൾ. അതും വീട്ടിൽ നിന്നും . ഞാൻ തിരിച്ചു വിളിച്ചു മകനാണ് എടുത്തത്." ഞങ്ങളെല്ലാവരും എടത്തലയിൽ സുരക്ഷിതസ്ഥാനത്ത് എത്തി വീട് മുഴുവനും മുങ്ങി, അമ്മ അങ്ങോട്ടു പോകണ്ട. അവൻ മറുപടിപറഞ്ഞു.

ഉച്ചയ്ക്ക് രണ്ട്മണി, അമ്മയെ സഹോദരനെ ഏൽപ്പിച്ച് വീടിനടുത്തേക്കെത്തി. നാട്ടിലെ യുവതലമുറ ആളുകളെയുംകൊണ്ട് പായുകയാണ്. എനിക്കാകെ പേടിയായി. ആരും അറിയാതെ ഞാൻ എന്റെ വീടിന്റെ പരിസരത്തെത്തി. എന്നെ കണ്ടപ്പോൾ അയൽവാസിയായ കുട്ടൻചേട്ടൻ ഓടിയെത്തി, അങ്ങോട്ടുപോകല്ലെ എന്ന മുന്നറിയിപ്പുമായി .വിലപ്പെട്ട ചില രേഖകൾ താഴത്തെ നിലയിൽ ഇരിപ്പുണ്ട്. അവയെല്ലാം ഒഴുകിപ്പോയിക്കാണുമോ , എനിക്ക്



പരിഭ്രാന്തിയായി. അങ്ങോട്ടുപോയ ഒരു വഞ്ചിയിൽ കയറി വീട്ടിലെത്തി. വീട് തുറന്നപ്പോൾ കാലി ഗ്യാസുകുറ്റികൾ ഒഴുകി നടക്കുന്നുണ്ടായിരുന്നു. ശക്തി സംഭരിച്ച് അലമാര തുറന്ന് സർട്ടിഫിക്കറ്റുകൾ എടുത്ത് ഞാൻ

തിരിഞ്ഞോടി. വെള്ളം ആർത്തിരമ്പുന്നുണ്ടായിരുന്നു. കൂട്ടത്തിൽ ചപ്പുചവറുകളും പാമ്പുകളും . വഞ്ചിയിൽ കയറി ഞാൻ പറവൂർ കവലയിൽ എത്തി. ഭർത്താവിനെ വിളിച്ചിട്ടുകിട്ടുന്നില്ല . കോഴിക്കോട്ടുനിന്നും വാഹനങ്ങൾ ആലുവയിലേക്ക് വിടുന്നില്ലാഎന്ന് അറിഞ്ഞു. അയൽവാസികളിൽ ചിലർ യു.സി. കോളേജ് ക്യാമ്പിലും മറ്റുചിലർ ഫ്ലാറ്റുകളിലും തങ്ങി. പിന്നീട് അമ്മയുടെ അടുത്തേക്ക് ഞാൻ ഓടിയെത്തി. ഏകദേശം 4 മണിയായി. വണ്ടി സുരക്ഷിത സ്ഥാനത്തു വെച്ചുകൊണ്ട് ആശുപത്രിയിൽ കയറി. അവിടേയും ആളുകൾ ഓടിനടക്കുന്നുണ്ടായിരുന്നു. 5 മണിക്ക് ഞാൻ ആശുപത്രിയുടെ രണ്ടാം നിലയിൽ നിന്നും നോക്കുമ്പോൾ എന്റെ വാഹനം മുങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. പരിസര വാസികളെല്ലാം പ്രാണരക്ഷാർത്ഥം ഓടുന്നു. എങ്ങും രോദനം മാത്രം . രാത്രി 10 മണിയോടെ ആശുപത്രിയുടെ ഒന്നാം നിലമുങ്ങി. ബോട്ടിൽ  രോഗികളെമാറ്റിക്കൊണ്ടിരിക്കുകയാണ്. വേദനകൊണ്ട് പിടയുന്ന അമ്മയെ എന്തു ചെയ്യും. ആശുപത്രി അടയ്ക്കുകയാണ്. എങ്ങനെയെങ്കിലും രക്ഷപ്പെടുക എന്ന മുന്നറിയിപ്പും കിട്ടി.  എന്തായാലും രാത്രി മടങ്ങില്ലെന്ന് ഞങ്ങൾ ഉറപ്പിച്ചു. ജീവനക്കാർ ഉൾപ്പെടെ 20 പേർ ആശുപത്രിയിൽ. വൈദ്യുതിയില്ല , ഭക്ഷണമില്ല , മരുന്നില്ല ചുറ്റും വെള്ളംമാത്രം . ഇടയ്ക്ക് ഭക്ഷണം കഴിക്കാൻ കയറാറുള്ള കെ ആർ ബേക്കേഴ്സ് , അന്നപൂർണ്ണ ഹോട്ടൽ ഇവയുടെയെല്ലാം  ബോർഡുകൾപോലും വെള്ളത്തിലായി. കൈയ്യിൽ പൈസയുണ്ട് പക്ഷെ എന്തുഫലം . തലയ്ക്കുമുകളിൽ ഹെലികോപ്റ്ററുകൾ വട്ടമിട്ടുപറക്കുന്നുണ്ടായിരുന്നു. ബോട്ടിൽക്കയറി പലരും ക്യാമ്പുകളിലേക്ക്.......

ആലുവയിലെ കൊതുകിന്റെ ശക്തി അന്നാണ് ശരിക്കും അറിഞ്ഞത് . ഒരു വിധത്തിൽ നേരം വെളുപ്പിച്ചു. എങ്ങനെയെങ്കിലും എടത്തലയിൽ എത്തണം . ബോട്ടുവരാനായി പലരേയും ബന്ധപ്പെട്ടു . ഫലം നിരാശമാത്രം. ഒഴുക്കുകാരണം ബോട്ടിനു വരാൻ കഴിയുന്നില്ല . ഫേസ്ബുക്ക് വാട്ട്സപ്പ് മുഖേന രക്ഷാപ്രവർത്തനത്തിനായി സന്ദേശം നൽകി.ഓഗസ്റ്റ്16-ന് വൈകുന്നേരം, നാല് മണിക്ക് ദ്രുതകർമ്മസേനയുടെ ബോട്ടെത്തി. എല്ലാവരേയും ആശ്രമഭാഗത്തേക്ക് എത്തിച്ചു. അന്നുരാവിലെ നടന്ന സംഭവം എല്ലാവരുടേയും കണ്ണുതുറപ്പിക്കുന്നതായിരുന്നു. ആശുപത്രിയിൽ വിശന്നിരുന്ന ഞങ്ങൾക്ക് ഭക്ഷണവും വെള്ളവും നാല് യുവാക്കൾ തന്നു.അതുംനീന്തിവന്ന് എറിഞ്ഞുതന്നു. ആർത്തിയോടെ ഞങ്ങളത് വാങ്ങിക്കഴിച്ചു. നമ്മുടെ യുവതലമുറയുടെ മനോഭാവം നമ്മളെക്കാൾ എത്രയോ വലുതാണന്ന് അന്നെനിക്ക് മനസ്സിലായി. കുട്ടികൾ വെള്ളത്തിൽ നീന്തിചെന്ന് ഓരോരുത്തരേയും രക്ഷിക്കുന്നകാഴ്ച്ചയാണ് ഞാൻ ആശുപത്രയുടെ മുകളിൽ നിന്നും കണ്ടത്. എന്റെ മകൻ ഉൾപ്പെടെയുള്ള യുവതല മുറയുടെ ത്യാഗമനോഭാവത്തിൽ എനിക്കഭിമാനം തോന്നി.

ഈ സമയം തോട്ടക്കാട്ടുക്കര ഉൾപ്പെടുന്ന എന്റെ പ്രദേശത്തെ വീടുകളുടെ രണ്ടാം നിലവരെ വെള്ളത്തിനടിയിലായി.

## പുൽക്കൊടികൾക്ക് പറയാനുള്ളത്...

ഒൻപതാം ദിവസ്സം വെള്ളം കെട്ടിക്കിടന്ന വീട്ടിലേക്ക് ഞങ്ങൾ എത്തി.എങ്ങും ശ്മശാന ഭൂകത. എവിടേയും മാലിന്യക്കൂമ്പാരം , നായ്ക്കളുടെ ഓലിയിടൽ മാത്രം കേൾക്കാം . വീടിനകത്ത് മുട്ടോളം ചെളി. വിലപ്പെട്ട എല്ലാവസ്തുക്കളും നശിച്ചിരിക്കുന്നു. വൈദ്യുതിയില്ലാ,കുടിവെള്ളമില്ല , എവിടെ തുടങ്ങണം? പലരും നിരാശരായി മടങ്ങിപോയി. ബന്ധുബലം അന്നാണറിഞ്ഞത്. എന്റെ ബന്ധുക്കളായ കുട്ടികൾ ക്ലീനിങ്ങിന്റെ നേതൃത്വം ഏറ്റെടുത്തു. കൂട്ടത്തിൽ നല്ലവരായ നാട്ടുകാരും. മെട്രോ പരിസരത്തു വിളമ്പിയ ഭക്ഷണപൊതികളാണ് ആ ദിവസ്സത്തെ ഞങ്ങളുടെ വിശപ്പടക്കിയത്. മനുഷ്യർ പുഴയിൽ തള്ളിയ മാലിന്യങ്ങളും എല്ലാം പുഴതിരിച്ചുകൊണ്ടുവന്ന് മനുഷ്യന് തന്നെ നൽകി. പ്രകൃതി സത്യമാണ്. ആ സത്യത്തിനെതിരെ പ്രവർത്തിച്ചാൽ ക്രൂരമായ തിരച്ചടി നമുക്കുലഭിക്കും . ജാതി, മത ,സാമ്പത്തിക അതിർവരമ്പുകളെക്കാൾ മനുഷ്യന് ഏറ്റവും വേണ്ടത് ഒത്തൊരുമയാമെന്ന പാഠം നമ്മെ പഠിപ്പിച്ചത് പ്രളയമാണ് . നമ്മളെയെല്ലാം രക്ഷിച്ച മത്സ്യത്തൊഴിലാളികൾ, യുവതലമുറയിലെ കുട്ടികൾ, പോലീസ് , പട്ടാളം , ദ്രുതകർമ്മസേന എന്നിവരെ ഞാൻ ഈ നിമിഷം നന്ദിയോടെ ഓർക്കുന്നു ..........................

- ഉഷാകുമാരി കെ.കെ


# കുട്ടു ആന രക്ഷിച്ച കാട്

ഒരു കാട്ടിൽ ഒരു ആനക്കുട്ടി ഉണ്ടായിരുന്നു. കാട്ടിലെ ഏറ്റവും ചെറിയ ആനക്കുട്ടിയായിരുന്നു അവൻ. അതുകൊണ്ട് കാട്ടിലെ മൃഗങ്ങളെല്ലാം അവനെ കളിയാക്കിക്കൊണ്ടിരുന്നു. അതിൽ പ്രധാനികളായിരുന്നു മോനുമുയലും ജഗ്ഗുക്കുരങ്ങനും. അങ്ങനെയിരിക്കെ ഒരു ദിവസം അവൻ തടാകക്കരയിൽ വിഷമിച്ചിരിക്കുകയായിരുന്നു. അപ്പോൾ ഒരു മാലാഖ അവന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. മാലാഖ ചോദിച്ചു നീ എന്തിനാണിങ്ങനെ വിഷമിച്ചിരിക്കുന്നത്?

അവൻ മാലാഖയോട് കാര്യങ്ങളെല്ലാം പറഞ്ഞു. കുട്ടു ആനയുടെ വിഷമം കണ്ട് അവനെ മാലാഖ അനുഗ്രഹിച്ചു. അവന് രണ്ട് ചിറകുകൾ നൽകി. ആ ചിറകുപയോഗിച്ച് കാട്ടിലെ മൃഗങ്ങളെ ആപത്തുകളിൽ നിന്നും രക്ഷിക്കണം എന്നു പറഞ്ഞ് മാലാഖ അപ്രത്യക്ഷമായി.

ഒരു ദിവസം ജഗ്ഗുക്കുരങ്ങൻ ആപത്തിൽ പെട്ടു. മരത്തിലെ വള്ളിയിൽ തൂങ്ങിക്കളിക്കുകയായിരുന്ന ജഗ്ഗു.പെട്ടെന്ന് വള്ളി പൊട്ടി ഒരു മുതലയുടെ വായിലേക്ക് വീഴാൻ പോയി. ഇത് കണ്ട കുട്ടു ആന പെട്ടെന്ന് പറന്ന് വന്ന് അവനെ രക്ഷിച്ചു. പിന്നീടൊരു ദിവസം മോനു മുയൽ വേട്ടക്കാരന്റെ കെണിയിൽ പെട്ടപ്പോൾ തന്റെ ചിറകുപയോഗിച്ച് പറന്നു വന്ന് അവനെ രക്ഷിച്ചു. പിന്നെ വേറൊരിക്കൽ കാട്ടിൽ തീപടർന്നു പിടിച്ചപ്പോൾ കുട്ടു ആന തന്റെ തുമ്പിക്കയ്യിൽ വെള്ളം കോരിയെടുത്ത് പറന്നു വന്ന് തീയണച്ചു. മൃഗങ്ങൾ അവനോട് നന്ദി പറഞ്ഞു. അവനെ ഇനി മുതൽ കാട്ടിലെ മൃഗങ്ങളാരും കളിയാക്കുകയില്ലെന്ന് വാക്കു കൊടുത്തു. പിന്നീടുള്ള കാലം മൃഗങ്ങളെല്ലാം ഒത്തു ചേർന്ന് സന്തോഷത്തോടെ താമസിച്ചു.

-ആൽജോ ബിജു




**- ആകാശ് ജിജോ**

# प्यारी दोस्त

दोस्त हमारि-दोस्त हमारी
कितनी प्यारी-कितनी प्यारी
दोस्त हमारि-दोस्त हमारी
कितनी भोलि-कितनी अच्छी
दोस्त हमारि-दोस्त हमारी ।

छोडो गूस्सा छोडो गूस्सा ।
अच्छी दोस्त-प्यारी दोस्त।
सबसे प्यारी-सबसे प्यारी
दोस्त हमारी-दोस्त हमारि।


न रुठो तुम हमसे जयादा
खुशिया प्यारी खुशियाँ प्यारी।





-സഞ്ജീവ് എം എസ്

# മലയാളത്തിളക്കം...









# HELLO ENGLISH...





# मछली रानी

मछली रानी मछली रानी।
कितनी सुंदर मछली रानी।
कैहती है यह दुनियारानी ।
जल की रानी जल की रानी।
मछली रानी मछली रानी।

मन हों सुदंर तन हों सुदंर
जल की रानी तेरा जिवन सुदंर
तेरी आँखे प्यारी- प्यारी।
तेरी बाते न्यारी- न्यारी
मछली रानी मछली रानी।

मछली रानी मछली रानी।
कितनी सुंदर कितनी प्यारी।

**कैहती है यह दुनियारानी**

**कितनी प्यारी कितनी प्यारी**

**जल की रानी जल की रानी।**

# 2018 ശിശുദിനം...





## माँ का प्यार

माँ बहुत प्यारी होती, अच्छी भी होती है।

जैसे मेरा माँ मुझे बहुत पसंद है।

वह मेरा खयाल रखती है।

वह मेरेलिए अच्छा - अच्छ,
खाना बनाती है।
वह मेरी हर एक बाते मानती है।
कल मैने अपनी माँ से हर कि बात की,
तों मेरी माँ ने मुझासे कहाँ ठीक है।
बेटा जाओ कहाँ ती मेरी माँ ने मुझे टूर
के लिए कुछ पैसे दिये । यह तों
सच है कि भगवान है। है मगर फिर भि
अनजान है। घरती पे रुप माँ- बात का
उस विधाता कि पेहचानी है।
मुझे मेरि माँ बहुत पसंद है।
दुनिया केलिए संदेशा।




-സഞ്ജീവ് എം എസ്






-മൊഹമ്മദ് മേത്തർ

# सुरीली हिन्दी...


मुर्गी माँ
मुर्गी माँ घर से निकली
बस्ता ले बाज़ार चली
बच्चे बोले चें चें चें
अम्मा हम भी -
साथ चलें


उड़ गया हाथी
बाय बाय टाटा
बाज़ार
चूज़ा


चींटी के आगे हाथी खड़ा था
हाथी के पाँव पे चींटा चढ़ा था
चींटी के आगे हाथी खड़ा था
हाथी के पाँव पे चींटा चढ़ा था
चींटी ने डाँटा नीचे आ जा (2)
चींटा बोला बाय-बाय टाटा (2)
चींटी को आया ज़ोर का गुस्सा
घूर के उसने
चींटे को देखा
और पलटकर
मारी जो लात
उड़ गया हाथी
चींटे के साथ } 2


उड़ गया हाथी
चींटी के आगे
हाथी खड़ा था
हाथी के पाँव पे
चींटा चढ़ा था
चींटी ने डाँटा
नीचे आ जा!
चींटा बोला-
बाय-बाय टाटा!
बाज़ार
चींटी को आया
ज़ोर का गुस्सा
घूर के उसने
चींटे को देखा
और पलटकर
मारी जो लात
उड़ गया हाथी
चींटे के साथ!



# -THANKZzz

## *LITTLE KITES MEMBERS....*


ഡിജിറ്റൽ മാഗസിൻ....
2018-19